5. വിലവർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശം ഇപ്രകാരമാണ്.

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും

(ബി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് യഥാർത്ഥ വിലയോ (Economic Cost) മാർക്കറ്റു വിലയോ ഏതാണ് കുറവെന്നാൽ അത്. ഇതു നടപ്പിലായാൽ ഉപഭോക്താവ് ഒരു കിലോ അരിക്ക് 12 രൂപയെങ്കിലും നൽകേണ്ടിവരും

(ബി) കേന്ദ്രഗവൺമെന്റിന്റെ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ നയം ഉൾക്കൊണ്ടുകൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായമാണ് നിലവിലുള്ളത്. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ബി.പി.എൽ & എ.പി.എൽ. എന്നീ രണ്ടു വിഭാഗങ്ങൾക്കായി റേഷൻ വിതരണം നടത്തുന്നത്. എ.പി.എൽ. വിഭാഗത്തിന് ആഴ്ചയിൽ 4 കിലോ അരിക്ക് ഒരു രൂപ സബ്സിഡി നൽകി കിലോയ്ക്ക് 8.60 രൂപയ്ക്കും ബാക്കി വരുന്ന അർഹതപ്പെട്ട വിഹിതം 9.60 രൂപയ്ക്കും നൽകി വരുന്നു. ബി.പി.എൽ. വിഭാഗത്തിന് അവർക്ക് അർഹതപ്പെട്ട വിഹിതത്തിനുപുറമേ ആഴ്ചയിൽ 2.5 കിലോവീതം മാസത്തിൽ 10 കിലോഗ്രാം അരി വീതം 4 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

(സി) നിലവിലുള്ള റേഷൻ സംവിധാനം തുടരണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

ആശുപത്രികളിലെ കൈക്കൂലിക്കെതിരെ നടപടി

142 (146)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ നവജാതശിശുക്കളെ ബന്ധുക്കളെ കാണിക്കുന്നതിനായി കോഴ വാങ്ങുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് അടിയന്തിര സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടറിലെ ക്രമക്കേട്

143 (147) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly